## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം: 122

22.03.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷങ്ങൾക്കായുള്ള തൊഴിൽപരിശീലനകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിൽപരമായ ഉന്നതി നേടുന്നതിനുപയുക്തമായ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ മുസ്ലിം യുവജനതയെ പി.എസ്.സി, യു.പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ഐ.ബി.പി.എസ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയവ നടത്തുന്ന മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പരിശീലന കേന്ദ്രങ്ങൾ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കരസേന, നാവികസേന, വ്യോമസേന, മറ്റ് അർദ്ധ സൈനിക, പോലീസ് വിഭാഗങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിൽ ജോലി നേടാൻ ആഗ്രഹിക്കുന്ന യോഗ്യരായ ന്യൂനപക്ഷ ഉദ്യോഗാർത്ഥികളെ ഇതിനായി പൂർണ്ണ പ്രാപ്തരാക്കുന്നതിനുള്ള 50 പേർക്കുള്ള സൗജന്യ താമസ സൗകര്യത്തോടുകൂടിയുള്ള പരിശീലന പരിപാടി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുതവിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ, അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. കാസർഗോഡ്, വയനാട്, പയ്യന്നൂർ, കോഴിക്കോട്, പൊന്നാനി, വേങ്ങര, പെരിന്തൽമണ്ണ, ആലുവ, കാഞ്ഞിരപ്പള്ളി, കരുനാഗപ്പള്ളി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആവശ്യമുള്ളിടത്തൊക്കെ ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കുമ്പോൾ അവിടെ പരിശീലകർക്ക് നിലവിലുള്ള നിരക്കിൽ സർക്കാർ പ്രതിഫലം നൽകി ഉപപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുതകേന്ദ്രങ്ങളിൽ ന്യൂനപക്ഷങ്ങളിൽപ്പെടാത്തവർക്ക് പരിശീലന സൗകര്യം നൽകുന്നുണ്ടോ; എങ്കിൽ, അതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അവസര നഷ്ടം ഉണ്ടാകാത്ത വിധത്തിൽ പരിശീലന കേന്ദ്രങ്ങളിലെ 10 ശതമാനം മുതൽ 20 ശതമാനം വരെ സീറ്റുകളിൽ മറ്റ് ന്യൂനപക്ഷ മതവിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക സമുദായങ്ങൾക്കും കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ